**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 1133** **11/02/2016 ൽ മറുപടിയ്ക്ക്**

**കുളത്തുപ്പുഴ ഗവ.എച്ച്.എസ്.എസിന് കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.രാജു. | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | പുനലൂർ എം.എൽ.എയുടെ 2014-15 വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കുളത്തുപ്പുഴ ഗവ.എച്ച്.എസ്.എസിന് കെട്ടിടനിർമ്മാണം നടത്തുന്നതിലേക്കായി എന്നാണ് എം.എൽ.എ യുടെ പ്രൊപ്പോസൽ ലഭിച്ചതെന്ന് വ്യക്തമാക്കുമോ; ആയത് ധനകാര്യ വകുപ്പിന് സമർപ്പിച്ച തീയതിയും, ധനകാര്യ വകുപ്പിൽ നിന്നും അനുവാദം ലഭിച്ച തീയതിയും വ്യക്തമാക്കുമോ; | (എ) | പുനലൂർ എം.എൽ.എ യുടെ 2014-15 വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കുളത്തുപ്പുഴ ഗവ.എച്ച്.എസ്.എസിന് കെട്ടിടനിർമ്മാണം നടത്തുന്നതിലേക്കായി പൊതുമരാമത്ത് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശുപാർശ 10.08.2015 ൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായി. ആയത് 20.08.2015 ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന് സമർപ്പിച്ചു. ധനകാര്യ വകുപ്പിന്റെ 28.09.2015 തിയതി രേഖപ്പെടുത്തിയ അഭിപ്രായകുറിപ്പ് 05.10.2015 ന് പൊതു വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചു. |
| ബി) | ടി പ്രവൃത്തിക്ക് ധനകാര്യ വകുപ്പിൽ നിന്നും അനുവാദം ലഭിച്ചപ്പോൾ പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് ' തസ്തിക സൃഷ്ടിക്കൽ' ആവശ്യമുണ്ടോ എന്ന് നിർദ്ദേശിച്ചിരുന്നോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഹയർ സെക്കന്ററി ഡയറക്ടറ്ക്ക് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഏത് തീയതിയിലാണ് കത്ത് നൽകിയതെന്നും ആയത് ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ കൈപ്പറ്റിയ തീയതിയും വ്യക്തമാക്കുമോ; | (ബി) | നിർദ്ദേശിച്ചിരുന്നു. 13.10.2015 ലെ കത്ത് മുഖേന ഹയർ സെക്കന്ററി ഡയറക്ടറോട് ഇത് സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. |
| സി) | ഹയർ സെക്കന്ററി വകുപ്പിൽ നിന്നും ടി കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഹയർ സെക്കന്ററി വകുപ്പിൽ നിന്നും 12.01.2016 തിയതി രേഖപ്പെടുത്തിയ കത്ത് 20.01.2016 ൽ ലഭ്യമായി (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |

| | | | |
|---|---|---|---|
| ഡി) | ധനവകുപ്പിൽ നിന്നും അനുമതി ലഭിച്ച് ഏറെ നാളുകൾ കഴിഞ്ഞിട്ടും ഭരണവകുപ്പിൽ നിന്നും വർക്കിന് ഭരണാനുമതി നൽകാത്ത സാഹചര്യം എന്താണെന്ന് വിശദമാക്കുമോ; ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച് ടെണ്ടർ നടപടികൾ ആകേണ്ട സമയം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുവാൻ കഴിയാത്ത ഗുരുതര വീഴ്ച ഭരണ വകുപ്പിലെ ഉദ്യോഗസ്ഥരാണോ ഹയർ സെക്കന്ററി ഡയറക്ടറേറ്റാണോ സൃഷ്ടിച്ചതെന്ന് വ്യക്തമാക്കുമോ; | ഡി) | ധനകാര്യ വകുപ്പ് പ്രസ്തുത പ്രവൃത്തിക്ക് തസ്തിക സൃഷ്ടിക്കൽ ആവശ്യമുണ്ടോ എന്ന് ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയോടെയാണ് അനുമതി നൽകിയിരുന്നത്. ആയത് സംബന്ധിച്ച് ഹയർ സെക്കന്ററി വകുപ്പിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടുവെങ്കിലും 13/10/2015 ലെ കത്തിന് 12/01/2016-ലെ കത്ത് പ്രകാരമാണ് മറുപടി ലഭ്യമാക്കിയത്. ആയതിൽ നിർമ്മാണ പ്രവൃത്തികൾക്ക് തസ്തിക സൃഷ്ടിക്കൽ ആവശ്യമില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പുതിയ കെട്ടിടം നിർമ്മാണത്തിനുശേഷം തസ്തിക സൃഷ്ടിക്കുന്നതിനെ സംബന്ധിച്ചാണ് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നത്. ആയതിനാൽ, വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുവാൻ, DHSE യോട് ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ 10.02.2016 ൽ G.O(Rt) 518/2016 ലെ നമ്പർ ഉത്തരവ് പ്രകാരം തസ്തിക സൃഷ്ടിക്കൽ അനുവദിക്കില്ലെന്ന വ്യവസ്ഥയോടെ ഭരണാനുമതി നൽകിയിട്ടുണ്ട് |
| ഇ) | ഇത്തരം വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുമോ? | ഇ) | |

സെക്ഷൻ ഓഫീസർ

No. Fin C 5/657/2016/HSE


Office of the Director of
Higher Secondary Education,
Housing Board Buildings,
Santhi Nagar,
Thiruvananthapuram.


**Date :12/01/2016**

**The Director**

**The Additional Chief Secretary**
General Education (M) Department,
Government Secretariat,
Thiruvananthapuram.

Sir,

Sub :- HSE – LAC – ADS – GHSS Kulathupuzha in Punalur Constituency – Construction of building – Clarification – Details furnishing of – reg.

Ref : -1) Letter No. MLA/PCR/4/2015, dated 10.11.2014 from Honb'le MLA Adv. K. Raju

2) Govt. Letter No. 44750/M2/15/G.Edn. dated 13.10.2015

Kind attention is invited to the references cited and to report that post creation is not involved in the construction of school building for Govt. Higher Secondary School Kulathupuzha as the construction work are usually done by PWD/any accredited agency entrusted for the purpose.

Yours faithfully,

**Senior Finance Officer**
**For Director.**

Sd